## ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം
(സാന്നിദ്ധ്യം : എം അബ്ദുൽ കലാം)

വിഷയം : തൊഴിൽ വകുപ്പ് - സ്ഥാപനകാര്യം - കൊല്ലം ലേബർ കോടതി പ്രിസൈഡിംഗ് ഓഫീസറുടെ പേരിൽ വ്യാജ ഒപ്പ് രേഖപ്പെടുത്തി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തേവള്ളി ബ്രാഞ്ചിലേക്ക് സാലറി സർട്ടിഫിക്കറ്റ് നല്കിയത് - പത്തനംതിട്ട ജില്ലാ ലേബർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. അനൂപ് എസ്-നെ (പെൻ: 230391) സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന : 1. ലേബർ കമ്മീഷണറുടെ 08.08.2019-ലെ ഇ(3) 12262/2019 നമ്പർ ഉത്തരവ്.
2. സർക്കാരിൽ നിന്നുള്ള 30.01.2020-ലെ ഡി3/461/2019-തൊഴിൽ നമ്പർ കത്ത്.

ഉത്തരവ് നമ്പർ. ഇ3/12262/2019; തിരുവനന്തപുരം, തീയതി: 30.01.2020.

കൊല്ലം ലേബർ കോടതിയിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. അനൂപ് എസ് (പെൻ: 230391) കൊല്ലം ലേബർ കോടതിയിൽ നിന്നും നല്കിയതായി കാണിച്ച് ഒരു സാലറി സർട്ടിഫിക്കറ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തേവള്ളി ശാഖയിൽ സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ നിന്നും 19.12.2018-ൽ ശ്രീ. എസ് അനൂപിന് ലോൺ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, ബന്ധപ്പെട്ട സാലറി സർട്ടിഫിക്കറ്റ് കൺഫർമേഷനു വേണ്ടി 19.07.2019-ൽ കൊല്ലം ലേബർ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസർക്ക് (ജില്ലാ ജഡ്ജി) അയയ്ക്കുകയും ചെയ്തു. എന്നാൽ ലേബർ കോടതിയിലെ രേഖകൾ പരിശോധിച്ചപ്പോൾ ഇപ്രകാരം ഒരു സാലറി സർട്ടിഫിക്കറ്റ് ആ ഓഫീസിലെ ഡ്രായിങ്ങ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഓഫീസറായ പ്രിസൈഡിംഗ് ഓഫീസർ നല്കിയിട്ടില്ലെന്ന് കാണുകയുണ്ടായി. ഈ സർട്ടിഫിക്കറ്റ് കൊല്ലം ലേബർ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസർ ഒപ്പിട്ടു നല്കിയതല്ലെന്നും വ്യാജമായി തയ്യാറാക്കിയിട്ടുള്ളതാണെന്നും അതിന് കൺഫർമേഷൻ നല്കുവാൻ നിർവാഹമില്ലെന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തേവള്ളി ബ്രാഞ്ച് മാനേജരെ, കൊല്ലം ലേബർ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസർ 30.07.2019-ലെ എ 368/2019 നമ്പർ കത്ത് പ്രകാരം അറിയിച്ചു.

2. മേൽപ്പറഞ്ഞ ശമ്പള സർട്ടിഫിക്കറ്റ് കൊല്ലം ലേബർ കോടതിയിൽ ജോലി ചെയ്തിരുന്ന ശ്രീമതി അഞ്ജു ടി, സീനിയർ ക്ലാർക്ക് സ്വന്തം കൈപ്പടയിൽ തയ്യാറാക്കി ഒപ്പ് വച്ചിട്ടുള്ളതാണെന്നും, ആയതിനാൽ കൊല്ലം ലേബർ കോടതി പ്രിസൈഡിംഗ് ഓഫീസറുടെ വ്യാജ ഒപ്പ് ചേർത്ത് വ്യാജ സാലറി സർട്ടിഫിക്കറ്റ് തയ്യാറാക്കി ബാങ്കിനേയും വകുപ്പിനേയും കബളിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരേ ശിക്ഷാനടപടി സ്വീകരിക്കണമെന്നും കൊല്ലം ലേബർ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസർ ലേബർ കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വായന (1) പ്രകാരം ശ്രീമതി അഞ്ജു ടി-യെ സർവീസിൽ നിന്നും ലേബർ കമ്മീഷണർ സസ്പെൻഡ് ചെയ്തിരുന്നു.

3. മേൽവിഷയം വീണ്ടും വിശദമായി പരിശോധിക്കുകയുണ്ടായി. വ്യാജ സാലറി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ലോണിനായി അപേക്ഷിച്ച കൊല്ലം ലേബർ കോടതിയിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. അനൂപ് എസ്-ന്റെ നടപടിയും അതീവ ഗൗരവതരമാണെന്നതിനാൽ ടിയാനെ സർവീസിൽ തുടരുവാൻ അനുവദിച്ചുകൊണ്ട് വകുപ്പ്

തല അച്ചടക്ക നടപടി സ്വീകരിയ്ക്കുന്നത് അഭികാമ്യമല്ല എന്ന് കാണുന്നു. ഈ വിഷയത്തിൽ ടിയാനെതിരേയും അച്ചടക്ക നടപടി സ്വീകരിയ്ക്കേണ്ടതുണ്ട്.

4. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ ലേബർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. അനൂപ് എസ്-നെ (പെൻ: 230391) 1960-ലെ കേരളാ സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1) (എ) പ്രകാരം ഉടൻ പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

5. സസ്പെൻഷൻ കാലയളവിൽ ഓഫീസ് അറ്റൻഡന്റ് ശ്രീ. അനൂപ് എസ്-ന് കേരളാ സർവീസ് ചട്ടങ്ങളിലെ ഭാഗം I, ചട്ടം 55 പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

Abul Kalam

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ABUL KALAM.M
Senior Administrative Officer
O/o the Labour Commissioner
Thiruvananthapuram

**സ്വീകർത്താവ്:**

ശ്രീ. അനൂപ് എസ്,
ഓഫീസ് അറ്റൻഡന്റ്,
ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം,
പത്തനംതിട്ട.
(ജില്ലാ ലേബർ ഓഫീസർ, പത്തനംതിട്ട മുഖേന)

**പകർപ്പ്:**

പ്രിസൈഡിംഗ് ഓഫീസർ, ലേബർ കോടതി, കൊല്ലം.
ലേബർ കമ്മീഷണറുടെ പി.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ,കൊല്ലം.
ജില്ലാ ലേബർ ഓഫീസർ, പത്തനംതിട്ട.

(ഉത്തരവിന്റെ മൂന്നു പകർപ്പുകൾ അയയ്ക്കുന്നു. ഒരു പകർപ്പ് ശ്രീ അനൂപ് എസ്-ന് നല്കി മറ്റൊന്നിൽ ടിയാന്റെ തീയതി വച്ച കൈയൊപ്പ് വാങ്ങി തിരികെ അയച്ചു തരേണ്ടതാണ്.)

ജൂനിയർ സൂപ്രണ്ട് (ഇ)
ഇ(5) സീറ്റ് (പകരം ക്രമീകരണങ്ങൾക്കായി)
ഫയൽ/സ്റ്റോക്ക് ഫയൽ

ലേബർ കമ്മീഷണറുടെ കാര്യാലയം, കേരള, തിരുവനന്തപുരം